| 19-08-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ, ബാബ വന്നിരിക്കുകയാണ് സുഖത്തിന്റെയും, ശാന്തിയുടേയും മനോകാമനകൾ പൂർത്തീകരിക്കുന്നതിന്, നിങ്ങൾ ശാന്തി ആഗ്രഹിക്കുന്നു എങ്കിൽ ഈ ഇന്ദ്രിയങ്ങളിൽ നിന്നും വേറിട്ടിരിക്കൂ, തൻെറ സ്വധർമ്മത്തിൽ സ്ഥിതി ചെയ്യൂ.**

**ചോദ്യം:** പൂജ്യരായി തീരുന്നതിനുളള പുരുഷാർത്ഥമെന്താണ്? നിങ്ങൾ എന്തുകൊണ്ടാണ് പൂജിക്കപ്പെടുന്നത്?

**ഉത്തരം:** പൂജ്യരാകുന്നതിനുവേണ്ടി വിശ്വത്തെ പരിവർത്തനപ്പെടുത്തുന്നതിനുളള സേവനത്തിൽ സഹായിയാകൂ. ഏത് ജീവാത്മാക്കളാണോ ബാബയെ സഹായിക്കുന്നത് അവർക്ക് ബാബയോടൊപ്പം പൂജ ലഭിക്കും. നിങ്ങൾ കുട്ടികൾക്ക് ശിവബാബയോടൊപ്പം സാലിഗ്രാമരൂപത്തിലും പൂജ ലഭിക്കുന്നു, പിന്നീട് സാകാരത്തിൽ  ലക്ഷ്മീനാരായണൻെറ അഥവാ ദേവീദേവതാരൂപത്തിലും പൂജ ലഭിക്കുന്നു. നിങ്ങൾ പൂജ്യ അവസ്ഥയുടേയും പൂജാരി അവസ്ഥയുടേയും രഹസ്യം മനസ്സിലാക്കികഴിഞ്ഞു.

**ഗീതം:** മാതാ ഓ മാതാ.............

ഓം ശാന്തി. മാതാക്കളെ സൗഭാഗ്യശാലികളാക്കി തീർക്കുന്നത് തീർച്ചയായും ഒരേ ഒരു പിതാവു തന്നേയാണ്. ഒന്നിൻെറ മഹിമ തന്നെയാണ് പാടപ്പെടുന്നത്. ഏവരുടേയും സത്ഗതിദാതാവ് ആ ഒന്ന് മാത്രമാണ്. ആ ഒന്നിനേ മാത്രമാണ് ഓർമ്മിക്കേണ്ടത്. ഇവിടെ ഗീതത്തിലൂടെ പാടിയിരിക്കുന്നത് കുട്ടികളുടെ മഹിമയാണ്. നമ്മെ ദൗർഭാഗ്യശാലിയിൽ നിന്നും സൗഭാഗ്യശാലിയാക്കുന്നവൻ ഒരേ ഒരു ബാബ മാത്രമാണ് എന്ന് കുട്ടികൾ അറിയുന്നുവല്ലോ. ഭാരതം സൗഭാഗ്യശാലികളുടേതായിരുന്നു. വീണ്ടും ഭാരതം 100% ദൗർഭാഗ്യശാലികളുടേതായിതീർന്നു. ഭാരതത്തിൻെറ മാത്രം കഥയാണിത്. ഈ മാതാക്കളെ സൗഭാഗ്യശാലികളാക്കി തീർക്കുന്നവൻ ബാബ മാത്രമാണ്. ആ ബാബയെ നിങ്ങൾ കുട്ടികൾ അറിയുന്നുവല്ലോ. ആ ബാബയോടാണല്ലോ നിങ്ങളുടെ യോഗം. ഈ മുഴുവൻ രചനകളും ആ ബാബ യുടേതാണെന്ന് നിങ്ങൾ അറിയുന്നുവല്ലോ. മററുളള മനുഷ്യരാരും തന്നെ ഈ രചനയെ കുറിച്ചോ, രചയിതാവിനെ കുറിച്ചോ അറിയുന്നില്ല. ഈ ചിത്രങ്ങളെല്ലാം ആരാണ് ഉണ്ടാക്കിയത്? ശിവബാബയാണെന്ന് നിങ്ങൾ പറയും. എന്നാൽ ആരു വഴി? മാതാവ് അഥവാ സാകാരപിതാവു വഴി എന്ന് പറയുമല്ലോ. ഇപ്പോൾ കുട്ടികളുടെ ബുദ്ധിയിൽ  സൃഷ്ടിയാകുന്ന വൃക്ഷം പൂർണ്ണമായും ഉണ്ടല്ലോ. സൃഷ്ടി എത്ര വലുതാണ്. വാസ്ക്കോഡിഗാമ മുഴുവൻ ഭൂമിയും ചുററിക്കറങ്ങി. അവസാനം സാഗരം തന്നെ സാഗരം, ആകാശം തന്നെ ആകാശം വേറെയൊന്നുമില്ല. ഇതെല്ലാം നിങ്ങൾ സ്കൂളിൽ  പഠിച്ചിട്ടുണ്ടാകുമല്ലോ. ബാബ പിന്നെ എല്ലാകാര്യവും ചുരുക്കത്തിൽ പറഞ്ഞുതരികയാണ്. ഭാരതം 5000 വർഷം മുൻപ് സത്യയുഗമായിരുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ. സത്യയുഗത്തിൽ ഭാരതം മാത്രമെ ഉണ്ടായിരുന്നുളളു. ഭാരതത്തിൽ തന്നെ വളരെ കുറച്ചുപേർ മാത്രമെ ഉണ്ടായിരുന്നുളളു. നാം സൂര്യവംശി സാമ്രാജ്യത്തിലുളളവരാണെന്ന് നിങ്ങൾ പറയുമല്ലോ. യമുനയുടെ തീരത്ത് കൃഷ്ണൻെറ രാജധാനി ഉണ്ടായിരുന്നതായി പാടപ്പെടുന്നുവല്ലോ. ഡൽഹിയേയാണ് സ്വർഗ്ഗം എന്നു പറയുന്നത്. ആദ്യമാദ്യം ആരുടേയെങ്കിലും രാജധാനി ഉണ്ടായിരിക്കുമല്ലോ. ഞങ്ങൾ സൂര്യവംശി സാമ്രാജ്യത്തിലേതായിരുന്നു എന്നു നിങ്ങൾ പറയുമല്ലോ. പിന്നീട് വേറെ വേറെയായിതീർന്നു. പിന്നീട് എവിടേയാണൊ രാജ്യം ഭരിക്കുന്നത് അവിടെ പ്രഭാവം ഉണ്ടാകുന്നു. ഭാരതത്തിന്ന് വളരെയധികം പ്രഭാവമുണ്ടായിരുന്നു. ഇതെല്ലാം ധാരണ ചെയ്യണം അതിനുവേണ്ടി  ഇതെല്ലാം നിങ്ങളുടെ ബുദ്ധിയിൽ പതിയണം.

ശിവബാബയെതന്നെയാണ്  സോമനാഥൻ എന്നും, ജ്ഞാനസാഗരൻ എന്നും പറയുന്നത്. സോമനാഥൻ എന്ന പേര് പൂജാരികളാണ് ഇട്ടത്. യഥാർത്ഥമായ പേര് ശിവബാബ എന്നാണ്. ശിവനെന്നു ആരേയാണ് പറയുന്നത്. ആത്മാക്കളുടെ പിതാവിനേയാണ് ശിവബാബ എന്ന് പറയുന്നത്. ആത്മാവ് ഒരു ബിന്ദുവാകുന്നു. പരമപിതാ പരമാത്മാ ,സുപ്രീം സോൾ എന്നെല്ലാം വിളിക്കുന്നു. സോൾ അർത്ഥം ആത്മാവ്.  ആത്മാവ് ചെറുതൊ വലുതൊ ആകുന്നില്ല.  ഞാൻ ഈ ശരീരത്തിൽ  പ്രവേശിക്കുന്നത് ആർക്കും അറിയുവാൻ കഴിയുന്നില്ല എന്ന് ബാബ പറയുന്നു. എങ്കിലും ഭൃകുടിക്കിടയിലുളള ഒരു നക്ഷത്രം പോലെ എന്ന് പറയുന്നുവല്ലോ. മസ്തകമണി എന്നും പറയും അർത്ഥം മസ്തകത്തിലുളള മണി. മണി എന്ന് ആത്മാവിനേയാണ് പറയുന്നത്. സർപ്പത്തിൻെറ മസ്തകത്തിൽ  മണി ഇരിക്കുന്നു എന്ന് പറയുന്നില്ലേ? ഈ കാര്യങ്ങളെല്ലാം വാസ്തവത്തിൽ  ഈ സമയത്തേതാണ്. ആത്മാരൂപത്തിലുളള മണി പ്രകാശിക്കുന്നു. അത് ഭൃകുടിക്കിടയിൽ ഇരിക്കുന്നു. ബാബ ദിവസവും നിങ്ങൾക്ക് പുതിയ പുതിയ കാര്യങ്ങൾ മനസ്സിലാക്കി തരുന്നു. ഞാൻ സ്വദർശനചക്രധാരിയാകുന്നു എന്ന പ്രധാന കാര്യം മനസ്സിലാക്കേണ്ടതുണ്ട്.  ബാബ

പറയുന്നു ആത്മാവാകുന്ന എന്നെ പരമാത്മാവ് എന്നു പറയുന്നു. ഞാൻ ജനനമരണ രഹിതനാകുന്നു. ഞാൻ തീർച്ചയായും വരുന്നുണ്ട്. നിരാകാരൻെറ ക്ഷേത്രം ഉണ്ടാക്കിവെച്ചിരിക്കുന്നു. മുൻപ് ഈ ജ്ഞാനം ഉണ്ടായിരുന്നില്ല. തീർച്ചയായും ആ നിരാകാരൻ വന്നിട്ട് എന്തെങ്കിലും ചെയ്തിട്ടുണ്ടാകും. ആ നിരാകാരൻ വരുന്നത് തന്നെ ഫാമിലിയിലാണ്. ലക്ഷ്മിനാരായണൻെറ ആത്മാവും വരുന്നു. ആ ലക്ഷമീനാരായണനും ശരീരം കാണിക്കുന്നു. ലിംഗരൂപത്തിൽ ഒരേ ഒരു ശിവബാബയെ കാണിക്കുന്നു. ശിവക്ഷേത്രത്തിൽ ശിവലിംഗത്തോടൊപ്പം സാളിഗ്രാമവും കാണിക്കുന്നു. കൃഷ്ണന്റേയൊ, ലക്ഷ്മീനാരായണന്റേയൊ ക്ഷേത്രത്തിൽ സാളിഗ്രാമം കാണിക്കുന്നില്ല. ഒരേ ഒരു അച്ഛന്റെ മക്കളാണ് ഏവരും എന്ന് ഇതിൽ നിന്നും മനസ്സിലാകുന്നുവല്ലോ. ആത്മാക്കളേയും പൂജിക്കുന്നു, ദേവതകളേയും പൂജിക്കുന്നു. രുദ്രയജ്ഞം എന്നു പറയുന്നുവല്ലോ. ബാബയാണ് ജീവാത്മാക്കൾ വഴി ഈ യജ്ഞം രചിച്ചിരിക്കുന്നത്. ബാബയെ പൂജിക്കുന്നതുപോലെതന്നെ ആത്മാക്കളാകുന്ന നിങ്ങളുടെ പൂജയും ഉണ്ടായിരിക്കും. പിന്നീട് സാകാരത്തിൽ ആരാണൊ ശ്രീ ലക്ഷ്മീനാരായണനായി തീരുന്നത് അവരുടെ പൂജയും ഉണ്ടാകും. ഇവിടെ ആത്മാക്കളാകുന്ന നിങ്ങൾ ഈ ശരീരം വഴി സേവനം ചെയ്തുകൊണ്ടിരിക്കുന്നുവല്ലോ. അതുകൊണ്ട് ആത്മാക്കളാകുന്ന നിങ്ങൾക്കും പൂജ ലഭിക്കുന്നു. ശിവബാബ പറയുന്നു, ഞാനും ഈ ബ്രഹ്മാവിലൂടെ വളരെ വലിയ സേവനം ചെയ്യുന്നു, അതുകൊണ്ട് ആദ്യമാദ്യം എനിക്ക് പൂജ ലഭിക്കുന്നു. പിന്നെ ഏതൊരാത്മാവ് വഴിയാണൊ ഞാൻ സേവനം ചെയ്യുന്നത്, മുഴുവൻ ലോകത്തേയും പവിത്രമാക്കുന്നത്, അവർക്കും തീർച്ചയായും പൂജ ഉണ്ടായിരിക്കുമല്ലോ. എല്ലാവരേയും പൂജിക്കുന്നു. ചുരുങ്ങിയത് ലക്ഷക്കണക്കിന് സാളിഗ്രാമങ്ങൾ ഉണ്ടാക്കുന്നു. സേട്ടുമാർ രുദ്രജ്ഞാനയജ്ഞം ചെയ്യിപ്പിക്കുമ്പോൾ ചിലർ 5000, ചിലർ 10000, ചിലർ ലക്ഷം സാളിഗ്രാമങ്ങളെ ഉണ്ടാക്കിക്കുന്നു. ഇതാണ് പരമാത്മാവിൻേറയും ആത്മാവിന്റേയും പൂജ. ആത്മാക്കളാകുന്ന നിങ്ങൾ ഈ പതിതശരീരം വഴി സേവനം ചെയ്തുകൊണ്ടിരിക്കുന്നു എന്ന് ശിവബാബ മനസ്സിലാക്കിതരുന്നു. ഏററവും അധികം സേവനം ശിവബാബയാണ് ചെയ്യുന്നത് പിന്നെ നിങ്ങളിലൂടെ ചെയ്യിപ്പിക്കുന്നു. അതുകൊണ്ട് നിങ്ങൾക്കും പൂജ ലഭിക്കുന്നു. ബാബയോടൊപ്പം ആദ്യമാദ്യം നിങ്ങളുടെ മഹിമയും വരണം. ആരാണൊ രാജ്യം നേടിതന്നത് ആ രുദ്രനെകുറിച്ചൊ, സാളിഗ്രാമങ്ങളെകുറിച്ചൊ ആരും തന്നെ അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ ആ രാജ്യം നേടികൊണ്ടിരിക്കുന്നുവല്ലോ. പ്രധാനികൾക്കാണ് പൂജ ലഭിക്കുന്നത്. അത് ലക്ഷ്മീനാരായണനാകുന്നു. ആ ലക്ഷ്മീനാരായണന്റെ രാജവംശമെന്ന് പാടുന്നുണ്ടല്ലോ. ആ ലക്ഷ്മീനാരായണൻ ആരുടേയെങ്കിലും സഹായം വഴിയാണ് നേടിയെടുത്തിരിക്കുക. നിങ്ങൾ കുട്ടികളുടെ സഹായം വഴി സാമ്രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണല്ലോ? ഇതെല്ലാം വളരെ മധുരതരമായ കാര്യങ്ങളാണ്. ധാരണ ചെയ്യുവാൻ കഴിയുന്ന രീതിയിൽ ബാബ ചുരുക്കി മനസ്സിലാക്കിതരികയാണ്. അച്ഛനാകുന്ന എന്നെ ഓർമിക്കൂ എന്നതാണ് പ്രധാനമായ കാര്യം.

ആത്മാക്കളാകുന്ന നിങ്ങളിൽ വൃക്ഷത്തിന്റേയും ചക്രത്തിന്റേയും അറിവുണ്ടല്ലോ. ഏററവും നമ്പർവൺ പൂജ്യനായ ശിവബാബ ആത്മാക്കളുടെ പിതാവാകുന്നു, ആ പിതാവിരുന്ന് നിങ്ങളെ പൂജക്ക് യോഗ്യരാക്കികൊണ്ടിരിക്കുന്നു. നാം എങ്ങിനേയാണ് പൂജ്യരും പൂജാരികളുമായിതീരുന്നതെന്നും ഇപ്പോൾ മനസ്സിലായി. ഭാരതവാസികളാണ് പൂജ്യരും പൂജാരികളുമായിതീരുന്നത്. ഇപ്പോൾ ഏവരും പൂജാരികളാണ്. വീണ്ടും പൂജാരികളായിതീരും. അവിടെ സത്യയുഗത്തിൽ പിന്നെ പൂജാരി ഭക്തരുണ്ടാകില്ല. അവരെ ഭഗവാനും ഭഗവതിയുമാക്കിതീർത്തത് തീർച്ചയായും ഭഗവാൻ തന്നെയായിരിക്കും. ഭഗവാൻ നിരാകാരനൊ അതൊ സാകാരനൊ? സാകാരത്തിൽ ഉയർന്നതിൽ ഉയർന്നത് ലക്ഷ്മിനാരായണനാകുന്നു. ആ ലക്ഷ്മിനാരായണനെ അപ്രകാരമാക്കിതീർത്തത് നിരാകാരനാകുന്നു. അതുകൊണ്ട് നിരാകാരനെ പൂജിക്കുന്നു. ഈ കാര്യങ്ങളെല്ലാം കുട്ടികൾക്കാണ് മനസ്സിലാക്കിതരുന്നത്. ആദ്യമാദ്യം ബാബയിൽ നിശ്ചയം വെക്കണം. ആത്മാക്കളാകുന്ന നമ്മുടെ പിതാവ് ബാബയാകുന്നു. അല്ലയോ ഭഗവാനെ! ഹേ പരമപിതാവെ! എന്ന് ആരെങ്കിലും വിളിക്കുന്നു എങ്കിൽ ഇത് ആര് ആരെ ഓർക്കുന്നു എന്ന് അവരോട് ചോദിക്കണം. നിങ്ങൾക്ക് എത്ര പിതാക്കന്മാരുണ്ട് എന്ന് അവരോട് ചോദിക്കണം. നിങ്ങൾ ആരേയാണ് വിളിക്കുന്നത്? ഭഗവാൻ എന്ന് ആരേയാണ് പറയുന്നത്? ദൈവപിതാവിനേയാണ് ഭഗവാൻ എന്ന് പറയുന്നത് അതുകൊണ്ട് തീർച്ചയായും രണ്ടു പിതാക്കന്മാരുണ്ട്. ആത്മാവാണ് ദൈവപിതാവിനെ ഓർക്കുന്നത്.; നിങ്ങൾക്ക് ആത്മാവും ശരീരവുമുണ്ട്. ലൗകികപിതാവ് ശരീരത്തിൻേറയാണ്. ആത്മാവിൻെറ പിതാവ് ആരാണ് ? അവരേയാണ് പരമപിതാ പരമാത്മാ എന്ന് പറയുന്നത്. ഇത് ആര് ആരേയാണ് വിളിച്ചത്? ആ പരിധിയില്ലാത്ത പിതാവിൻെറ പരിചയം തരേണ്ടതുണ്ട്. പരിധിയുള്ള പിതാവും പരിധിയില്ലാത്ത പിതാവും. ഭക്തിമാർഗ്ഗത്തിൽ ഭക്തൻ ഭഗവാനെ ഓർക്കുന്നുണ്ട്. ഞാൻ വരുന്നു വന്നിട്ട് നിങ്ങൾക്ക് സുഖവും ശാന്തിയും തരുന്നു എന്ന് ഭഗവാൻ പറയുന്നു. പിന്നെ എന്നെ ഓർക്കേണ്ട ആവശ്യം പോലും വരുന്നില്ല. അതുകൊണ്ട് പൂജ്യരും പൂജാരികളും , പതിതരും പാവനരും ഭാരതവാസികൾ തന്നെ ആണായിതീരുന്നത്. പിന്നീട് ഇടക്ക് മററു ധർമ്മങ്ങൾ സ്ഥാപിക്കപ്പെടുന്നു. പിന്നീട് വൃദ്ധി പ്രാപിച്ച് അവസാനം എല്ലാം

തമോപ്രധാനമായിതീരുന്നു. അവസാനം എല്ലാവരും വരും. പരംധാമം കാലിയാക്കപ്പെടുമ്പോൾ എല്ലാവരും തിരിച്ചുപോകും. ഇപ്പോൾ ഇത് അധപതിച്ച ലോകമാകുന്നു. പതിതപാവനാ എന്ന് പാടുന്നുവല്ലോ അതുകൊണ്ട് തീർച്ചയായും ഇത് പതിതമാകുന്നു. ഭാരതം പവിത്രമായിരുന്നു. ഇപ്പോൾ പതിതമാകുന്നു. ശിവബാബ തീർച്ചയായും വരും. എന്നാൽ എപ്പോൾ വരും. എങ്ങിനെ വരും ഇത് മറന്നുപോയിരിക്കുന്നു. ഞാൻ ശരീരം ധരിച്ച് നിങ്ങൾക്ക് മനസ്സിലാക്കിതരുന്നു എന്ന് കൃഷ്ണനൊരിക്കലും പറയുവാൻ കഴിയുകയില്ല. ഞാൻ ഇദ്ദേഹം വഴി മനസ്സിലാക്കിതരുന്നു എന്ന് നിരാകാരനായ ബാബയാണ് പറയുന്നത്. നിങ്ങൾ സ്വയം തന്നേയാണ് ഗീതയുടെ ഭഗവാനെ കൃഷ്ണനാണ് എന്ന് മാനിക്കുന്നത്. ഞാൻ സാധാരണ വാനപ്രസ്ഥ ശരീരത്തിൽ വരുന്നു എന്ന് മനസ്സിലാക്കിതരുന്നത് ശിവബാബയാണ്. ഞാൻ നിങ്ങളുടെ ജന്മങ്ങളെ കുറിച്ചറിയുന്നു എന്ന് പറയുന്നത് ശിവബാബയാണ്. ശിവബാബ ഈ ശരീരത്തിൽ പ്രവേശിക്കുന്നു. കൃഷ്ണനെ പതിതപാവനനെന്നൊ, ഭഗവാനെന്നൊ ജ്ഞാനസാഗരനെന്നൊ വിളിക്കുവാൻ കഴിയില്ല. ഗീത കൈയ്യിൽ വെച്ചിട്ടുണ്ട്, എന്നിട്ടും അവർ പതിതപാവനൻ എല്ലാ സീതമാരുടേയും രാമനാണെന്ന് പറയുന്നു, രാധയുടെ കൃഷ്ണനെന്ന് പറയുന്നില്ല.

രാമൻ അർത്ഥം പരമപിതാ പരമാത്മാ. ത്രേതായുഗത്തിലെ രാമനെക്കുറിച്ചാണ് പറയുന്നത് എങ്കിൽ അതിലും ഉയർന്നവൻ ലക്ഷ്മീനാരായണനാകുന്നു. പിന്നെ എന്തുകൊണ്ടാണ് ലക്ഷ്മീനാരായണൻെറ പേര് പറയാത്തത്? പരമാത്മാവിൻെറ കാര്യമായതുകൊണ്ടാണ് അത് പറയുവാൻ കഴിയാത്തത്. സ്വർഗ്ഗീയ പിതാവെന്ന് നിരാകാരനെകുറിച്ചാണ് പറയുന്നത്. ലിബറേറർ എന്നും ഗൈഡ് എന്നും ബാബയെ തന്നേയാണ് പറയുന്നത്. ക്രിസ്തു ആരേയും മുക്തമാക്കുന്നില്ല. മററാരുടേയും പേര് ഇതിന് പകരം പറയുവാൻ കഴിയുകയില്ല. ബാബ വന്നിട്ടാണ് ദു:ഖത്തിൽ നിന്നും നമ്മെ മുക്തമാക്കുന്നത്. ആ ബാബ തന്നെ വീണ്ടും ഗൈഡ് ആയിതീരുന്നു. ഞാൻ നിങ്ങൾക്ക് വഴി പറഞ്ഞുതരുന്നു എന്ന് പറയുന്നുവല്ലോ? ബാബ വന്നിട്ട് നിങ്ങളെ സ്വന്തമാക്കി. ഇത് നിങ്ങളുടെ ഈശ്വരീയജന്മമാകുന്നു. നിങ്ങൾക്ക് ശിവബാബയിൽ നിന്നും ശക്തി ലഭിച്ചിരിക്കുന്നു. സൈലൻസിന്റെ ശക്തിയാണ് നിങ്ങളുടേത്, അവരുടേത് ശാസ്ത്രത്തിൻെറ ശക്തിയാണ്. അവർ ബുദ്ധി കൊണ്ടാണ് ജോലിയെടുക്കുന്നത്. അതിനെ സയൻസിൻെറ അഹങ്കാരം എന്നു പറയുന്നു. ആ സയൻസു വഴിയാണ് വിനാശം സംഭവിക്കുന്നത്. ശാസ്ത്രം വളരെയധികം സുഖം തരുന്നു. പിന്നെ അത് വിനാശവും ചെയ്യുന്നു. നിങ്ങൾക്കവിടെ ഈ വിമാനങ്ങളെല്ലാം ഉണ്ടായിരിക്കും. ഈ കാണുന്ന വസ്തുക്കളെല്ലാം പിന്നെ നിങ്ങൾക്ക് ഉപയോഗത്തിൽ വരും. വിദേശത്ത് പുറത്ത് കാണുവാൻ കഴിയാത്ത എന്നാൽ പ്രകാശം തരുന്ന വിളക്കുകളുണ്ട്. സത്യയുഗത്തിലുള്ള വിളക്കുകളും അപ്രകാരം പ്രകാശം തരുന്നവയായിരിക്കും. ഇവിടെയുള്ള എല്ലാ വൈഭവങ്ങളും നിങ്ങൾക്ക് അവിടെ ലഭിക്കും. ഇതെല്ലാം നിങ്ങൾ സാക്ഷാത്ക്കാരത്തിലൂടെ കണ്ടിട്ടുണ്ട്. അവിടെ അപകടങ്ങളുണ്ടാകേണ്ട കാര്യമേയില്ല. ദു:ഖിക്കേണ്ട ഒരു കാര്യവും അവിടെ ഉണ്ടാകില്ല. ബാബ വന്നിട്ട് നിങ്ങളുടെ സുഖത്തിൻേറയും ശാന്തിയുടേയും മനോകാമനകൾ പൂർത്തീകരിക്കുന്നു. മനുഷ്യർ ശാന്തി ലഭിക്കുന്നതിനുവേണ്ടി അലയുന്നു. ആരാണ് നിങ്ങളെ അശാന്തരാക്കിയത് എന്ന് അവരോട് ചോദിക്കണം. നിങ്ങൾക്കതറിയാമല്ലോ. പഞ്ചവികാരങ്ങളാണ് അശാന്തിയുണ്ടാക്കുന്നത്. എന്നാൽ അവരിത് മനസ്സിലാക്കുന്നില്ല. മറന്നുപോയിരിക്കുന്നു. ആത്മാവ് ശാന്തസ്വരൂപമാകുന്നു. അല്ലേയോ ആത്മാക്കളെ നിങ്ങൾ ശാന്തിലോകത്തുനിന്നാണ് ഇവിടെ വന്നിരിക്കുന്നത് പിന്നെ ഈ ഇന്ദ്രിയങ്ങളെടുത്തു. ഇപ്പോൾ നിങ്ങൾ അതിൽ നിന്നും വേറേയാകൂ. ഡിററാച്ച് ആയിരിക്കൂ. ഇതിന് പ്രാണായാമം ചെയ്യേണ്ട കാര്യമൊന്നുമില്ല. എത്രത്തോളം ഗുഹയിലിരിക്കും. ഞാൻ ക്ഷീണിച്ചുപോയിരിക്കുന്നു അത്കൊണ്ട് ഈ ശരീരത്തിൽ നിന്നും ഡിററാച്ച് ആകുന്നു എന്ന് ആത്മാവ് പറയുന്നു. ഇപ്പോൾ ഈ ശരീരത്തെ ഞാൻ മറക്കുന്നു. നിങ്ങൾ നിങ്ങളുടെ സ്വദേശത്തേയും, സ്വധർമ്മത്തേയും ഓർക്കൂ എന്ന് ബാബ പറയുന്നു. നിങ്ങൾ യഥാർത്ഥത്തിൽ അവിടെ വസിക്കുന്നവരാണ്. തൻെറ ആ വീടിനെ ഓർക്കൂ. കർമ്മം ചെയ്യുക തന്നെ വേണം. കർമ്മം ചെയ്യാതെ ഇരിക്കുവാൻ കഴിയുകയില്ല. ഭോജനം അവരുടെ കൈ കൊണ്ടുണ്ടാക്കുന്നില്ല അതുകൊണ്ട് കർമ്മസന്യാസി എന്ന പേര് വെച്ചിരിക്കുന്നു എന്ന് അവർ മനസ്സിലാക്കുന്നു. എന്നാൽ കർമ്മത്തെ സന്യസിക്കുവാൻ കഴിയുകയില്ല. അവരുടെ ധർമ്മം അങ്ങിനേയാണ്. ഗൃഹസ്ഥികളുടെ അടുത്തുനിന്നും അവർക്ക് ആഹാരം കഴിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് വീണ്ടും അവർ ഗൃഹസ്ഥികളുടെ അടുത്തു ജന്മമെടുത്ത് നിവൃത്തിമാർഗ്ഗത്തിൽ പോകേണ്ടിയിരിക്കുന്നു. കാരണം ഭാരതത്തിലെ പവിത്രതയെ നിലനിർത്തേണ്ടിയിരിക്കുന്നു. ഭാരതത്തിൽ പവിത്രത നിലനിന്നിരുന്നു. ഏവരും പവിത്രരായിരുന്നു. ഇപ്പോൾ എല്ലാവരും അപവിത്രരാണ്. ബാബയിരുന്ന് ഈ രസഹ്യങ്ങൾ മനസ്സിലാക്കിതരികയാണ്. പിന്നെ ബാബ പറയുകയാണ്, കുട്ടികളെ ഒന്നും തന്നെ ചെയ്യേണ്ട, ബാബയെ ഓർത്തിരുന്നാൽ മാത്രം മതി, നിങ്ങളുടെ വികർമ്മങ്ങളെല്ലാം നശിക്കുകയും നിങ്ങൾക്ക് എൻെറ അടുത്ത് വരുവാനും സാധിക്കും. ഈ നാടകം പൂർത്തിയാകേണ്ടതുണ്ട്. സതോ രജോ തമോ അവസ്ഥയിലൂടെ വന്ന് ഇപ്പോൾ ഏവർക്കും തിരിച്ചുപോകണം. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1, സ്വയത്തെ ഈ ശരീരത്തിൽ ഭൃകുടി മദ്ധ്യത്തിൽ പ്രകാശിക്കുന്ന മണിയാണെന്ന് മനസ്സിലാക്കണം. സ്വദർശനചക്രധാരിയായിതീരണം.

2. തൻെറ സ്വധർമ്മത്തേയും, സ്വദേശത്തേയും ഓർത്ത് ശാന്തിയുടെ അനുഭവം ചെയ്യണം. ബുദ്ധി അലയരുത്. ഈ ശരീരത്തിൽ നിന്നും വേറിട്ടിരിക്കുന്ന അഭ്യാസം ചെയ്യണം.

## വരദാനം – ഓരോരുത്തർക്കും സ്നേഹത്തിന്റെയും ശക്തിയുടെയും പാലന നൽകുന്ന സ്നേഹത്തിന്റെ ഭണ്ഡാരത്താൽ നിറഞ്ഞവരായി ഭവിക്കട്ടെ

ഏതു കുട്ടികൾ എത്രത്തോളം എല്ലാവർക്കും ബാബയുടെ സ്നേഹം വിതരണം ചെയ്യുന്നുവോ അത്രയും കൂടുതൽ സ്നേഹത്തിൻരെ ഭണ്ഡാരം നിറഞ്ഞതായി മാറും. ഓരോ സമയവും സ്നേഹത്തിന്റെ മഴ പെയ്യുന്നതു പോലെ ഇങ്ങനെ അനുഭവമാകും. ഒരു ചുവടിൽ സ്നേഹം നൽകൂ വീണ്ടും വീണ്ടും സ്നേഹ മെടുക്കൂ. ഈ സമയം എല്ലാവർക്കും സ്നേഹവും ശക്തിയും വേണം. അപ്പോൾ ആർക്കെങ്കിലും ബാബ യിലൂടെ സ്നേഹം നൽകൂ, ആർക്കെങ്കിലും ശക്തി... അതിലൂടെ അവരുടെ ഉണർവുത്സാഹം സദാ ഉണ്ടാ യിക്കൊണ്ടിരിക്കട്ടെ– ഇതാണ് വിശേഷആത്മാക്കളുടെ വിശേഷസേവനം.

## സ്ലോഗൻ – ആരാണോ മായാവീ സാമർഥ്യത്തിൽ നിന്ന് ഉപരിയായിരിക്കുന്നത് അവ രാണ് ബാബയ്ക്ക് അതിപ്രിയം